പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 229 23.01.2018-ലെ മറുപടിക്ക്

## പുതിയ ബസ്സുകൾ

ചോദ്യം

ശ്രീ. പി.സി. ജോർജ്

ഉത്തരം

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി. എത്ര രൂപയുടെ പുതിയ ബസ്സുകൾ / ബസ്സ് ചെയിസിസ്സുകൾ വാങ്ങിയിട്ടുണ്ട്; ഇനം തിരിച്ച് വിലസഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം M/s അശോക് ലൈലാന്റ് ലിമിറ്റഡിൽ നിന്നും 24,51,327/- രൂപ വിലയുള്ള ഒരു സി.എൻ.ജി ബസ്സ് വാങ്ങിയിട്ടുണ്ട്. കൂടാതെ 100 എണ്ണം (സൂപ്പർ ഫാസ്റ്റ് – 20, ഫാസ്റ്റ് പാസഞ്ചർ - 80) പൂർണ്ണ നിർമ്മിത ബസ്സുകൾക്ക് ഓർഡർ നൽകിയതിൽ ഇതുവരെ 8 സൂപ്പർ ഫാസ്റ്റ് ബസ്സുകൾ ലഭിച്ചിട്ടുണ്ട്. ഒരു ബസ്സിന്റെ വില (Super Fast / Fast Passenger) 26,59,968/- രൂപ. 100 എണ്ണത്തിന് ആകെ 26,59,96,800/- ചെലവു വരും. ഒരു സി.എൻ.ജി ബസ്സിന്റെയും, 20 നിർമ്മാണം പൂർത്തിയാക്കിയ സൂപ്പർ ഫാസ്റ്റ് ബസ്സുകളുടെയും, 80 നിർമ്മാണം പൂർത്തിയാക്കിയ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുടെയും ആകെ വില = 26,84,48,127/- രൂപ. |
| (ബി) | ഇക്കാലയളവിൽ സ്ഥാനിയ വിഭാഗത്തിൽപ്പെട്ട എത്ര പുതിയ ബസ്സുകൾ / മറ്റ് പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ട്; ഇതിന്റെ ആകെ തുക എത്രയാണ്; പ്രസ്തുത ബസ്സുകൾ നിരത്തിൽ ഓടുവാൻ തുടങ്ങിയോ; പൂർണ്ണ വിവരം നല്കുമോ; ഇതിന്റെ ബോഡി ചെയ്തത് ഏതു കമ്പനിയാണെന്നും തുക എത്രയെന്നും അറിയിക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്ഥാനിയ വിഭാഗത്തിൽപ്പെട്ട പുതിയ ബസ്സുകൾ വാങ്ങിയിട്ടില്ല. M/s അശോക് ലൈലാന്റ് ലിമിറ്റഡ് വിതരണം ചെയ്ത സി.എൻ.ജി ബസ്സിന്റെ ബോഡി നിർമ്മിച്ചത് അശോക് ലൈലാന്റ് ലിമിറ്റഡിന്റെ അൽവാർ യൂണിറ്റ്, രാജസ്ഥാൻ ആണ്. M/s അശോക് ലൈലാന്റ് ലിമിറ്റഡിന് ഓർഡർ നൽകിയ 20 സൂപ്പർ ഫാസ്റ്റ്, 80 ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുടെ ബോഡി നിർമ്മിക്കുന്നത് M/s. Ashok Leyland Limited-ന്റെ authorized body builder ആയ കോട്ടയം, അയർക്കുന്നത്തുള്ള M/s കൊണ്ടോടി ഓട്ടോക്രാഫ്റ്റ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡാണ്. ഇതിൽ |

| | | | |
|---|---|---|---|
| | | | ലഭ്യമായ 8 സൂപ്പർ ഫാസ്റ്റ് ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. |
| (സി) | പുതിയ ഇനം ബസ്സുകൾ എം.എൽ.എ. മാരുടെ ആവശ്യ പ്രകാരം ക്രമമായ തരത്തിൽ എല്ലാ നിയോജകമണ്ഡലത്തിലും നല്കാൻ നടപടി സ്വീകരിക്കുമോ; | (സി) | കെ.എസ്.ആർ.റ്റി.സി.യുടെ നിലവിലെ സാഹചര്യത്തിൽ ഈ നിർദ്ദേശം പരിഗണി ക്കുവാൻ സാധിക്കുകയില്ല. |
| (ഡി) | പുതിയതായി വാങ്ങുന്ന ബസു കളുടെ ബോഡി നിർമ്മാണത്തിന് കെ.എസ്.ആർ.ടി.സി. യ്ക്ക് സ്വന്ത മായി ഡിപ്പോ ഉണ്ടോയെന്നും ഇതിനായി പ്രത്യേകം ജോലി ക്കാർ ഉണ്ടോയെന്നും വിശദമാക്കു മോ; | (ഡി) | ബസ്സുകളുടെ ബോഡി നിർമ്മാണത്തിന് കെ.എസ്.ആർ.ടി.സി.യുടെ പാപ്പനംകോട് സെൻട്രൽ വർക്സിന് 'B' Class Accreditation ലഭിച്ചിട്ടുണ്ട്. ബസ്സ് ബോഡി നിർമ്മാണത്തിന് പ്രത്യേകം ജോലിക്കാരെ താത്ക്കാലികമായി നിയമിക്കുകയാണ് ചെയ്യുന്നത്. |
| (ഇ) | പ്രൈവറ്റ് കമ്പനികളിൽ കൊടുത്ത് ബസ്സിന്റെ ബോഡി നിർമ്മിക്കുന്ന തിന്റെ മാനദണ്ഡം എന്താണെന്നും ഇപ്പോൾ ഏതു കമ്പനിയാണ് കെ.എസ്.ആർ.ടി.സി ബസ്സുകളു ടെ ബോഡി നിർമ്മിക്കുന്നതെന്നും വിശദീകരിക്കുമോ? | (ഇ) | കെ.എസ്.ആർ.ടി.സി 100 fully built ബസ്സുകൾക്ക് ഇന്ത്യയിലെ രജിസ്റ്റേർഡ് വാഹന നിർമ്മാതാക്കളിൽ നിന്നും ടെൻഡർ ക്ഷണിച്ചതിൽ കുറഞ്ഞ വില വാഗ്ദാനം ചെയ്ത വാഹന നിർമ്മാതാവായ M/s അശോക് ലൈലാന്റ് ലിമിറ്റഡിൽ നിന്നും Super Fast - 20, Fast Passenger - 80 (ആകെ 100) ബസ്സുകൾക്ക് വിതരണ ഉത്തരവ് നൽകുകയുണ്ടായി. ഈ ബസ്സുകളുടെ ബോഡി നിർമ്മിക്കുന്നത് M/s. Ashok Leyland Limited-ന്റെ authorized body builder ആയ കോട്ടയം അയർക്കുന്നത്തുള്ള കൊണ്ടോടി ഓട്ടോക്രാഫ്റ്റ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ്. |

സെക്ഷൻ ഓഫീസർ